# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5529 6.7.2012-ൽ മറുപടിയ്ക്ക്

## കാസർഗോഡ് മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ വില്ലേജുകളിലായി വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; | (എ) | കാസർ ഗോഡ് ജില്ലയിൽ മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തു. ശുദ്ധീകരണ ശാലയുടെ പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഡി.പി. ആർ.-ൽ വിതരണ ശൃംഖലയുടെ നീളം എത്രയായിരുന്നു ; | (ബി), (സി) & (ഡി) | ഡി.പി.ആർ പ്രകാരം വിതരണ ശൃംഖലയുടെ നീളം 156.05 കിലോമീറ്റർ ആണ്. ഇപ്പോൾ 43.33 കിലോമീറ്റർ വിതരണ ശൃംഖലയാണ് സ്ഥാപിക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഡി.പി.ആർ-ൽ സൂചിപ്പിച്ചിട്ടുള്ള വിതരണ ശൃംഖല പൂർണ്ണമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇപ്പോൾ എത്ര കി.മീ. വിതരണ ശൃംഖലയാണ് വാട്ടർ അതോറിറ്റി സ്ഥാപിക്കുന്നത് ; | | |
| (ഡി) | ഈ പദ്ധതിയുടെ ഡി. പി.ആർ.-ൽ സൂചിപ്പിച്ചിട്ടുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ